"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവി - യ്ക്കെതിരെ അച്ചടക്ക നടപടി - അന്വേഷണ അധികാരിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1291/2025/GAD തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-
1. പാലക്കാട് ജില്ലാ കളക്ടറുടെ 07.02.2024, 03.05.2024, 18.06.2024 തീയതികളിലെ DCPKD/8001/2023-IA1 നമ്പർ കത്ത്
2. 27.07.2024 -ലെ സ്പെഷ്യൽ.ഇ2/142/2024-പൊ.ഭ.വ. നമ്പർ മെമ്മോ.
3. മെമ്മോ - യ്ക്ക് 08.08.2024 - ൽ ശ്രീ. ആകാശ് രവി നൽകിയ മറുപടി.
4. 30.09.2024 -ലെ സ്പെഷ്യൽ-ഇ2/142/2024-പൊ.ഭ.വ. നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
5. കുറ്റാരോപണ മെമ്മോയ്ക്കും പത്രികയ്ക്കും 17.10.2024 - ൽ ശ്രീ. ആകാശ് രവി നൽകിയ എതിർവാദ പത്രിക.

**ഉത്തരവ്**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും പാലക്കാട് ജില്ലാ നിയമ ഓഫീസറുമായിരുന്ന ശ്രീ. ആകാശ് രവിക്കെതിരെ കൈക്കൂലി, അഴിമതി ആരോപണങ്ങൾ എന്നിവ ഉണ്ടായതിനെത്തുടർന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. എന്നാൽ, പരാമർശം (5) പ്രകാരം ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിലെ വിശദീകരണങ്ങൾ തൃപ്തികരമല്ലാത്തതിനാൽ അച്ചടക്ക നടപടി തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവിക്കെതിരെ KCS (CC&A) Rule 1960, ചട്ടം 15 - ലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചട്ടപ്രകാരമുള്ള അന്വേഷണ അധികാരിയായി നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീ. എസ്. രാജീവ് - നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്വേഷണ അധികാരി രണ്ട് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീ. എസ്. രാജീവ്, അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)
ശ്രീ. ആകാശ് രവി, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 24-03-2025 12:04:26
സെക്ഷൻ ഓഫീസർ